(സി) ആം എനിൽ, Account test தகுதியில்லாத ஆசிரியர் களும் இனி புதிதாக தலைமையாசிரியராக நியமிக்கப்பட தடை ஏதேனும் உண்டா ?

Answer

(a) Yes.

(b) Period of temporary exemption already extended for a further period of one year from 4-8-1978.

(c) On the basis of the temporary exemption teachers without test qualification will be promoted as headmasters if otherwise eligible till 3.8.1979.

LIBRARY ARCHIVES Kerala Legislative Assembly

ട്രെൻമേരി ഗവൺമെൻറ് എൽ. പി. എസ്.

859 [1320] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽപ്പെട്ട പീരുമേട് താലൂക്കിലെ ട്രെൻമേരി ഗവൺമെൻറ് എൽ. പി. എസ്സിനു കോമ്പൗണ്ടുവാൾ പണിയാതിരിക്കുന്നതിൻെറ കാരണമെന്താണ്;

(ബി) അടുത്ത വർഷമെങ്കിലും ഇതു പണിയുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂളുകൾക്ക് പൊതുവേ കോമ്പൗണ്ടുവാൾ പണിയുന്നതിന് ഗവൺമെൻറിൻെറ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. അതിനാൽ കോമ്പൗണ്ടുവാൾ ആവശ്യമായ സ്കൂളുകളിൽ അവ നിർമ്മിക്കുവാൻ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളെ പ്രോൽസാഹിപ്പിക്കുവാൻ ഡി. ഇ. ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പറയുക സാദ്ധ്യമല്ല.

വാഗമൺ ഗവൺമെൻറ് യു. പി. എസ്. കെട്ടിടം

860 [1321] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വാഗ്മൺ ഗവൺമെൻറ് യു. പി. എസ്. കെട്ടിടം തകർന്നു പോയതിനു ശേഷം പുല്ലു കൊണ്ട് മേഞ്ഞ ഒരു ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നതെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;